തിരുവംപാടിയിൽ ഒരു സബ് ട്രഷറി

1397. [1991] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോടു ജില്ലയിൽ തിരുവംപാടിയിൽ ഒരു സബ് ട്രഷറി അനുവദിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സബ് ട്രഷറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി എത്രത്തോളമായി ?

ഉത്തരം

(എ) കോഴിക്കോടു ജില്ലയിൽ തിരുവംപാടിയിൽ ഒരു സബ് ട്രഷറി ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സബ് ട്രഷറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

സി) തിരുവംപാടിയിൽ സബ് ട്രഷറിക്കുവേണ്ടി ഒരു കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ പണി ആരംഭിക്കുവാൻ ചീഫ് ഇഞ്ചിനീയർക്ക് വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

സെയിൽസ് ടാക്സ് ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുക

1398. [1992] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് താലൂക്കിൽ നിന്നും 1982-83, 1983-84, 1984-85 സാമ്പത്തിക വർഷങ്ങളിൽ ഓരോ കൊല്ലവും എത്ര രൂപ സെയിൽസ് ടാക്സ് ആയി പിരിഞ്ഞിട്ടുണ്ട് ;

(ബി) സെയിൽസ് ടാക്സ് വർദ്ധനവു കാരണം ഉപഭോക്താക്കൾ നല്ലൊരു ഭാഗം തൊട്ടടുത്തുള്ള അയൽ സംസ്ഥാനത്തുപോയി സാധനങ്ങൾ വാങ്ങുന്നതു കാരണം ടാക്സ് ഇനത്തിൽ കുറവു വരുന്നുണ്ടെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടികളാണ് ഗവൺമെന്റ് എടുക്കുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കാസർഗോഡ് താലൂക്കിലെ വിൽപ്പന നികുതി പിരിവ് പ്രത്യേകമായി പറയുക അസാദ്ധ്യമാണ്. കാരണം കാസർഗോഡ് താലൂക്കിലെ അധിക വരുമാനമുള്ള കേസുകൾ കണ്ണൂർ സ്പെഷ്യൽ സർക്കിൾ അസിസറന്റ് കമ്മീഷണറുടെ ആഫീസിലാണ് തീർപ്പു കൽപ്പിക്കുന്നത്. പത്തു ലക്ഷത്തിനുള്ളിൽ വിറ്റുവരവുള്ള കേസുകളിൽ നിന്നും കിട്ടുന്ന വിൽപ്പന നികുതി പിരിവ് കാസർഗോഡ് താലൂക്കിൽ താഴെ പറയും പ്രകാരമാണ് :

1982-83	—	59.49	ലക്ഷം രൂപ
1983-84	—	58.60	,, ,,
1984-85	—	69 90	,, ,,

LIBRARY ARCHIVES Kerala Legislative Assembly